REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 30-10-2024** **സമയം 12.30 PM**

---

## പ്രധാന വാർത്തകൾ

- സംസ്ഥാനത്ത് ഉപതിരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഉച്ചകഴിഞ്ഞ് അവസാനിക്കുന്നതോടെ മത്സരചിത്രം വ്യക്തമാകും.
- കാസർകോട് വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് ഗവൺമെന്റ് വഹിക്കും. വെടിക്കെട്ടുമായി ബന്ധപ്പെട്ട് ഉടൻ റിപ്പോർട്ട് നൽകാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു.
- ഹൈക്കോടതിയിൽ 5 പുതിയ അഡീഷണൽ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.
- മലപ്പുറം പോത്തുകല്ലിൽ ഭൂമിക്കടിയിൽ നിന്ന് വലിയ ശബ്ദം കേട്ട ആനക്കല്ല് പട്ടികവർഗ നഗറിൽ ഹൈഡ്രോളജിസ്റ്റിന്റെ നേതൃത്വത്തിൽ കുഴൽക്കിണറുകളുടെ പരിശോധന ആരംഭിച്ചു.
- ഓഫിസുകളിലെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിലയിൽ കൾച്ചറൽ ഫോറങ്ങളും കൂട്ടായ്മകളും രൂപീകരിക്കുന്നത് ഗവൺമെന്റ് വിലക്കി.
- പാരിസ് ഒളിമ്പിക്സിൽ രണ്ടു തവണ വെങ്കലം നേടിയ ഹോക്കി താരം P.R ശ്രീജേഷിന് തിരുവനന്തപുരത്ത് വൈകിട്ട് സ്വീകരണം നൽകും.

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് ഉപതെരഞ്ഞെടുപ്പിലെ നാമനിർദ്ദേശ പത്രിക പിൻവലിക്കുന്നതിന് സമയപരിധി ഉച്ചകഴിഞ്ഞ് അവസാനിക്കും. അതോടെ വയനാട് ലോക്സഭാ മണ്ഡലത്തിലെയും, പാലക്കാട്, ചേലക്കര നിയമസഭാ മണ്ഡലങ്ങളിലെയും ഉപതിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ ചിത്രം വ്യക്തമാകും. തിങ്കളാഴ്ച സൂക്ഷ്മ പരിശോധനയിൽ 35 പത്രികകളാണ് സ്വീകരിച്ചത്.

✪✪✪

ചേലക്കരയിൽ മൂന്ന് മുന്നണി സ്ഥാനാർത്ഥികളും തിരക്കിട്ട പര്യടനത്തിലാണ്.

UDF സ്ഥാനാർത്ഥി രമ്യ ഹരിദാസിന്റെ പര്യടനം കൊണ്ടാഴി പഞ്ചായത്തിൽ മുൻ മന്ത്രി തിരുവഞ്ചൂർ രാധകൃഷ്ണൻ MLA ഉദ്ഘാടനം ചെയ്തു.

NDA സ്ഥാനാർഥി K ബാലകൃഷ്ണൻ ഇന്ന് തിരുവില്വാമലയിലാണ് പ്രചാരണം നടത്തുന്നത്.

LDF സ്ഥാനാർത്ഥി U.R പ്രദീപ് മുള്ളൂർക്കര, പഴയന്നൂർ, എളനാട് എന്നിവിടങ്ങളിൽ തിരഞ്ഞെടുപ്പ് കൺവെൻഷനുകളിൽ പങ്കെടുത്തു.

✪✪✪

കാസർകോട് നീലേശ്വരത്തെ വെടിക്കെട്ട് അപകടത്തിൽ പരിക്കേറ്റവരുടെ ചികിത്സാ ചെലവ് സംസ്ഥാന ഗവൺമെന്റ് വഹിക്കും. ഇന്ന് ചേർന്ന മന്ത്രിസഭാ യോഗത്തിന്റേതാണ് തീരുമാനം.

വാഹനാപകടത്തിൽ ഗുരുതരമായി പരിക്കേറ്റ തിരുവനന്തപുരം വെങ്ങാനൂർ ഗവ. മോഡൽ എച്ച്.എസ് എസിലെ എൽ പി സ്കൂൾ അസിസ്റ്റന്റ് സന്ധ്യാറാണിക്ക് ഭിന്നശേഷി നിയമപ്രകാരം സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് സർവ്വീസിൽ തുടരാൻ അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

നാദാപുരം ജംഗ്ഷൻ മുതൽ കക്കംവെള്ളിക്കുന്ന് ജി എൽ എസ് ആർ വരെ നിലവിലെ പൈപ്പ് മാറ്റി 200 MMDIK പൈപ്പ് സ്ഥാപിക്കുന്നതിന് കരാർ നൽകാനും മന്ത്രിസഭ തീരുമാനിച്ചു.

✪✪✪

വെടിക്കെട്ടുമായി ബന്ധപ്പെട്ട് ഉടൻ റിപ്പോർട്ട് നൽകാൻ പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ചു. കാഞ്ഞങ്ങാട് DYSP ബാബു പെരിങ്ങോത്തിന്റെ നേതൃത്വത്തിൽ ഏഴംഗ ടീമിനാണ് അന്വേഷണ ചുമതല.

തീപിടിത്തത്തിന്റെ യഥാർത്ഥ കാരണം കണ്ടെത്താൻ അന്വേഷണം തുടരുകയാണെന്നും ക്ഷേത്രം അധികൃതർക്കെതിരെ കേസെടുത്തിട്ടുണ്ടെന്നും പൊലീസ് പറഞ്ഞു.

തിങ്കളാഴ്ച രാത്രി ക്ഷേത്രത്തിന് സമീപം സൂക്ഷിച്ചിരുന്ന പടക്കങ്ങൾ പൊട്ടിത്തെറിച്ചതാണ് അപകടത്തിന് കാരണമായത്.

✪✪✪

മുനമ്പത്ത് വഖഫ് ബോർഡ് ഉന്നയിച്ച അവകാശവാദത്തെ തുടർന്ന് കുടിയിറക്ക് ഭീഷണി നേരിടുന്ന കുടുംബങ്ങളുടെ സത്യഗ്രഹ പന്തൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി സന്ദർശിച്ചു. കേന്ദ്രത്തിൽ ഭരണത്തിലുള്ള രാഷ്ട്രീയ പാർട്ടിയും, ഘടകകക്ഷികളും ഭരണസംവിധാനവും സമരക്കാർക്കൊപ്പം ആണെന്ന് അദ്ദേഹം ഉറപ്പു നൽകി. കാർഷിക നിയമമുൾപ്പെടെ പല നിയമങ്ങളും കേന്ദ്ര ഗവൺമെൻറ് അവതരിപ്പിച്ചത് നാടിന്റെ ഗുണത്തിനു വേണ്ടിയാണ്. രാജ്യത്ത് ഉഴലുന്ന സമൂഹത്തിനു വേണ്ടിയാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ നേതൃത്വത്തിൽ ഗവൺമെൻറ് നിലകൊള്ളുന്നതെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

ഹൈക്കോടതിയിൽ 5 പുതിയ അഡീഷണൽ ജഡ്ജിമാർ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു. P കൃഷ്ണകുമാർ, K.V ജയകുമാർ, S മുരളീകൃഷ്ണ, ജോബിൻ സെബാസ്റ്റ്യൻ, P.V ബാലകൃഷ്ണൻ എന്നിവരാണ് ചുമതലയേറ്റത്. ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ ജംദാർ പുതിയ ജഡ്ജിമാർക്ക് സത്യവാചകം ചൊല്ലിക്കൊടുത്തു.

ഹൈക്കോടതി ജഡ്ജിമാരും, അഡ്വക്കേറ്റ് ജനറൽ, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, എന്നിവരും വിവിധ അഭിഭാഷക സംഘടനാ പ്രതിനിധികളും ചടങ്ങിൽ പങ്കെടുത്തു.

ഇതോടെ ഹൈക്കോടതിയിലെ ജഡ്ജിമാരുടെ എണ്ണം 45 ആയി.

✪✪✪

കണ്ണൂർ മുൻ ADM ആയിരുന്ന കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് അറസ്റ്റിലായ മുൻ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് P.P ദിവ്യ തലശ്ശേരി സെഷൻസ് കോടതിയിൽ ജാമ്യാപേക്ഷ നൽകി.

ദിവ്യയെ ഇന്നലെ തളിപ്പറമ്പ് മജിസ്ട്രേറ്റ് കോടതി രണ്ടാഴ്ചത്തേക്ക് റിമാൻഡ് ചെയ്തിരുന്നു. കണ്ണൂർ സെൻട്രൽ ജയിലിനോട് ചേർന്ന വനിതാ ജയിലിലാണ് ദിവ്യ റിമാന്റിൽ കഴിയുന്നത്.

✪✪✪

P.P ദിവ്യയെ അറസ്റ്റു ചെയ്തതിൽ പൊലീസിന് വീഴ്ചയില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചത് ശരിയായ നിലപാടാണെന്നും, അറസ്റ്റ് നാടകമാണെന്ന വിമർശനം ശുദ്ധ അസംബന്ധമാണെന്നും അദ്ദേഹം

**പാലക്കാട് മാധ്യമങ്ങളോട് പറഞ്ഞു. ദിവ്യയ്ക്കെതിരെ നടപടി വേണോ എന്ന കാര്യം മാധ്യമങ്ങളല്ല ചർച്ച ചെയ്യേണ്ടതെന്നും, അത് പാർട്ടിയുടെ ആഭ്യന്തര വിഷയമാണെന്നും ഗോവിന്ദൻ അറിയിച്ചു.**

**✪✪✪**

**കണ്ണൂർ മുൻ ADM കെ. നവീൻ ബാബുവിന്റെ മരണവുമായി ബന്ധപ്പെട്ട് തന്റെ മൊഴി പൂർണമായും പുറത്തു വന്നിട്ടില്ലന്ന് ജില്ലാ കലക്ടർ അരുൺ K വിജയൻ അറിയിച്ചു. കോടതി വിധിയിൽ വന്ന മൊഴി നിഷേധിക്കുന്നില്ലെന്നും, ലാൻഡ് റവന്യൂ ജോയിൻ കമ്മീഷണർക്കും സമാന മൊഴിയാണ് നൽകിയതെന്നും അദ്ദേഹം പറഞ്ഞു. നവീൻ ബാബുവിന്റെ കുടുംബത്തിനു നൽകിയ കത്തിലെ കാര്യത്തിൽ ഉറച്ചുനിൽക്കുന്നതായും കളക്ടർ പറഞ്ഞു.**

**✪✪✪**

**കണ്ണൂരിൽ പുതിയ ADM ചുമതലയേറ്റു. കൊല്ലം ഡെപ്യൂട്ടി കളക്ടറായിരുന്ന പത്മചന്ദ്രക്കുറുപ്പാണ് രാവിലെ ചുമതലയേറ്റത്.**

**✪✪✪**

**മലപ്പുറം നിലമ്പൂർ പോത്തുകല്ലിൽ ഭൂമിക്കടിയിൽ നിന്ന് വലിയ ശബ്ദം കേട്ട ആനക്കല്ല് പട്ടികവർഗ നഗറിലെ കുഴൽ ക്കിണറുകളുടെ പരിശോധന ഹൈഡ്രോളജിസ്റ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ചു. വിദഗ്ധ സംഘവും അല്പസമയത്തിനകം പരിശോധനയ്ക്കെത്തും.**

**ഇന്നലെ രാത്രി പത്തു മണിയോടെയാണ് പ്രദേശത്ത് ഭൂമിയ്ക്കടിയിൽ നിന്ന് വലിയ ശബ്ദം ഉണ്ടായത്. ഒരു കിലോമീറ്റർ ചുറ്റളവിൽ ശബ്ദം കേട്ടതായി പ്രദേശവാസികൾ പറഞ്ഞു. പരിഭ്രാന്തരായ ജനങ്ങൾ വീടുവിട്ടോടി. റവന്യൂ അധികൃതരും ജനപ്രതിനിധികളും ചേർന്ന് ഇവരെ സമീപത്തെ സ്കൂളുകളിലേക്ക് മാറ്റി. ഇന്നലെ രാത്രി പലതവണ മുഴക്കമുണ്ടായെന്നും ഇന്ന് രാവിലെയും അതാവർത്തിച്ചെന്നും പോത്തുകല്ല് വില്ലേജ് ഓഫീസർ K.P വിനോദ് ആകാശവാണി വാർത്തകളോട് പറഞ്ഞു. ചില വീടുകൾക്ക് വിള്ളലുണ്ടായി. ഏതാനും വീടുകളുടെ മുറ്റത്തും വിള്ളലുണ്ട്.**

**അതേസമയം ഇന്നലെ രാത്രി 11 വരെ പ്രദേശത്ത് ഭൂമികുലുക്കമുണ്ടായിട്ടില്ലെന്ന് സംസ്ഥാന ദുരന്ത നിവാരണ സമിതി അറിയിച്ചു.**

**✪✪✪**

**ദേശീയ ദുരന്ത നിവാരണ സേന - NDRF ഒരു വർഷത്തിനിടെ 900 ത്തിലധികം രക്ഷാപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി, 3,000 ത്തിലധികം ആളുകളെ**

രക്ഷിച്ചതായി കേന്ദ്ര ആഭ്യന്തര സെക്രട്ടറി ഗോവിന്ദ് മോഹൻ അറിയിച്ചു. രാജ്യത്തെ പൗരന്മാരുടെ ആശ്രയത്തിന്റെയും വിശ്വാസത്തിന്റെയും പ്രതീകമായി സേന ഉയർന്നെന്നും അദ്ദേഹം ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

പുതുപ്പള്ളി MLA ചാണ്ടി ഉമ്മൻ നിയമസഭാ സ്പീക്കർ AN ഷംസീറിന് അവകാശ ലംഘന പരാതി നൽകി. ഗവൺമെന്റ് സംഘടിപ്പിക്കുന്ന പൊതു പരിപാടികളിൽ നിന്ന് ബോധപൂർവ്വം ഒഴിവാക്കുന്നുവെന്നാണ് പരാതി.

✪✪✪

ഓഫിസുകളിലെ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിലയിൽ കൾച്ചറൽ ഫോറങ്ങളും വകുപ്പ് അടിസ്ഥാനത്തിൽ കൂട്ടായ്മകളും രൂപീകരിക്കുന്നത് ഗവൺമെന്റ് വിലക്കി. ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പാണ് ഇതുസംബന്ധിച്ച് വിജ്ഞാപനം പുറത്തിറക്കിയത്.

ജീവനക്കാരുടെ നിലവിലെ പെരുമാറ്റ ചട്ടങ്ങൾക്കും ഗവണ്മെന്റ് നിർദേശങ്ങൾക്കും അനുസൃതമല്ലാതെ, ഓഫിസ് പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുന്ന നിലയിൽ കൾച്ചറൽ ഫോറങ്ങളും വകുപ്പ് അടിസ്ഥാനത്തിൽ കൂട്ടായ്മകളും ഉണ്ടാകുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടതായി ഉത്തരവിൽ പറയുന്നു. ഇത് ഒഴിവാക്കണമെന്നാണ് നിർദേശം.

ഈ വിഷയത്തിൽ ബന്ധപ്പെട്ട അധികൃതർ പ്രത്യേക ശ്രദ്ധ പുലർത്തണമെന്നും ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്.

✪✪✪

മലയാള സിനിമാ എഡിറ്റർ നിഷാദ് യൂസഫിനെ കൊച്ചി പനമ്പള്ളി നഗറിലെ ഫ്ലാറ്റിൽ മരിച്ച നിലയിൽ കണ്ടെത്തി. 43 വയസ്സായിരുന്നു. ഹരിപ്പാട് സ്വദേശിയായ നിഷാദ് യൂസഫ് നിരവധി മലയാളം ഹിറ്റ് സിനിമകളുടെ എഡിറ്ററായി പ്രവർത്തിച്ചിട്ടുണ്ട്.

ചാവേർ, ഉണ്ട, സൗദി വെള്ളക്ക, ഓപ്പറേഷൻ ജാവ, തല്ലുമാല തുടങ്ങിയവയാണ് പ്രധാന ചിത്രങ്ങൾ. ബസൂക്ക, കങ്കുവ എന്നിവയാണ് നിഷാദിന്റെ റിലീസ് ആകാനുള്ള ചിത്രങ്ങൾ.

2022 ൽ തല്ലുമാല സിനിമയുടെ എഡിറ്റിങ്ങിന് മികച്ച ചിത്രസംയോജകനു നൽകുന്ന സംസ്ഥാന അവാർഡ് ലഭിച്ചു. നേരത്തെ ഏഷ്യാനെറ്റ് ന്യൂസിൽ വിഡിയോ എഡിറ്ററായിരുന്നു. അതിന് ശേഷമാണ് സിനിമ രംഗത്തേക്ക് എത്തിയത്.

നിഷാദ് യൂസഫിന്റെ നിര്യാണത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ അനുശോചിച്ചു.

✪✪✪

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻസിന്റെ നേതൃത്വത്തിൽ കണ്ണൂർ ചക്കരക്കല്ലിൽ സംഘടിപ്പിച്ച സംയോജിത ആശയ വിനിമയ ബോധവൽക്കരണ പരിപാടി ഇന്ന് സമാപിക്കും. സെമിനാർ, ഫോട്ടോ എക്സിബിഷൻ, മെഡിക്കൽ ക്യാമ്പ്, വിവിധ കലാപരിപാടികൾ എന്നിവ ഒരുക്കിയിട്ടുണ്ട്.

✪✪✪

മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർ വയനാട് കളക്ട്രേറ്റിനു മുന്നിൽ ധർണ ആരംഭിച്ചു. പുനരധിവാസം ഉടൻ സാധ്യമാക്കുക, ബാങ്ക് വായ്പകൾ എഴുതിത്തള്ളുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് ധർണ.

ജനശബ്ദം ജനകീയ ആക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിലാണ് സമരം.

✪✪✪

പാരിസ് ഒളിമ്പിക്സിൽ രണ്ടു തവണ വെങ്കലം നേടിയ ഹോക്കി താരം P.R ശ്രീജേഷിന് തിരുവനന്തപുരത്ത് വൈകിട്ട് വിപുലമായ സ്വീകരണം നൽകും. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലെ സ്വീകരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.

സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച രണ്ട് കോടി രൂപയുടെ പാരിതോഷികവും മുഖ്യമന്ത്രി ശ്രീജേഷിന് സമ്മാനിക്കും. ഏഷ്യൻ ഗെയിംസ് മെഡൽ നേടിയ അഞ്ച് കായിക താരങ്ങളെ പൊതു വിദ്യാഭ്യാസ വകുപ്പിൽ സ്പോർട്സ് ഓർഗനൈസറായി നിയമിക്കുന്ന ഉത്തരവ് മന്ത്രി V.ശിവൻകുട്ടി ചടങ്ങിൽ കൈമാറും.

പാരിസ് ഒളിമ്പിക്സിൽ പങ്കെടുത്ത അത്‌ലറ്റിക്സ് ചീഫ് കോച്ച് രാധാകൃഷ്ണൻ നായർ, മുഹമ്മദ് അനസ്, മുഹമ്മദ് അജ്മൽ, അബ്ദുള്ള അബൂബക്കർ, HS പ്രണോയി എന്നിവരെയും ചടങ്ങിൽ ആദരിക്കും.

✪✪✪

പട്ടികവർഗ വികസന വകുപ്പിനു കീഴിലെ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ ഏഴാമത് സംസ്ഥാനതല കായികമേള - കളിക്കളം ഇന്ന് തിരുവനന്തപുരത്ത് സമാപിക്കും.

കളിക്കളം കായികമേളയുടെ രണ്ടാം ദിവസമായ ഇന്നലെയും വയനാട് മുന്നേറ്റം തുടർന്നു. തിരുവനന്തപുരം രണ്ടും കണ്ണൂർ മൂന്നാം സ്ഥാനത്തുമാണ്.

അവസാന ദിവസമായ ഇന്ന് ഡിസ്കസ് ത്രോ, ട്രിപ്പിൾ ജമ്പ്, 200 മീറ്റർ, 800 മീറ്റർ ഓട്ടം, 4 x 400 മീറ്റർ റിലേ എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ.

✪✪✪

കണ്ണൂർ നോർത്ത് ഉപജില്ല സകൂൾ കലോത്സവം ചെമ്പിലോട് ഹയർ സെക്കന്ററി സകൂളിൽ ഇന്ന് സമാപിക്കും. 106 സകൂളുകളിൽ നിന്ന് ആറായിരത്തോളം കുട്ടികൾ കലോത്സവത്തിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

ചിത്തിര ആട്ടവിശേഷത്തിനായി ശബരിമല നട വൈകിട്ട് അഞ്ചിന് തുറക്കും. നാളെ സന്നിധാനത്ത് ചിത്തിര ആട്ടവിശേഷം തിരുനാൾ നടക്കും.

തിരുവിതാംകൂർ രാജാവായിരുന്ന ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മയുടെ പിറന്നാൾ ആഘോഷവുമായി ബന്ധപ്പെട്ടതാണ് ചിത്തിര ആട്ടവിശേഷ തിരുനാൾ. തുലാം മാസത്തിലെ ചിത്തിര നാളിൽ അദ്ദേഹം സന്നിധാനത്തെത്തുകയും ദർശനം നടത്തി മടങ്ങുകയും ചെയ്തതിന്റെ ഓർമ്മ പുതുക്കിയാണ് ചിത്തിര ആട്ടവിശേഷ തിരുനാൾ സന്നിധാനത്ത് തുടർന്നുവരുന്നത്. നാളെ രാത്രി 10-ന് നട അടയ്ക്കും. തുടർന്ന് മണ്ഡല-മകരവിളക്ക് തീർഥാടനത്തിനായി അടുത്തമാസം 15 നു നട തുറക്കും.

✪✪✪

സ്വർണ്ണവില 60,000 ത്തിലേക്ക്. പവന് ഇന്ന് 520 രൂപ ഉയർന്ന് 59,520 ലെത്തി. 7,440 രൂപയാണ് ഗ്രാമിന്.

✪✪✪